# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1315** **06.03.2020 ൽ മറുപടിയ്ക്ക്**

**'ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.കെ.യു. ജനീഷ് കുമാർ<br>ശ്രീ.എം. മുകേഷ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ;

ബി) വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

സി) വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ച് വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

എ) & ബി) & സി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പ വരുത്തുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" . വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പ്, ഭക്ഷ്യ സുരക്ഷ വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ജീവനി പദ്ധതി യാഥാർത്ഥ്യമാക്കുന്നത്

പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിലൂടെ താഴെ പറയുന്ന 21 ഇന പരിപാടിയാണ് ആസൂത്രണം ചെയ്തു വരുന്നത്.

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തിരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/ സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും

പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. 'കൃഷി പാഠശാല' എന്ന പേരിൽ എല്ലാ കൃഷി ഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും, ബോധവല്ക്കരണവും സംഘടിപ്പിക്കുക. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവല്ക്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങൾക്കു നൽകുക.

6. ഗ്രാമ നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകൾ/ മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവ രീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. 2 ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുക. അതോടൊപ്പം നിലവിലുള്ള ക്ലസ്റ്ററുകൾ ഉൾപ്പെടെ 1200 ക്ലസ്റ്ററുകൾ വിപുലീകരിക്കുക.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക. (നിലവിലുള്ളത് ഉൾപ്പെടെ)

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും, കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക് തലത്തിൽ ദ്വൈവാര ഉല്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ.) കൾക്കുള്ള പ്രോത്സാഹനം.

13. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്.ഐ.ബി.), ന്യൂസ് ലെറ്റർ (വെജിറ്റബിൾ സെൽ), പ്രതിമാസ ടി.വി. ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100 ഓളം

കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്ക് ആവശ്യമായ ജൈവ ഉല്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ടപരിശോധന ഫലം സർക്കാർ വെബ് സൈറ്റിലൂടെ പൊതു ജനങ്ങൾക്കു ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ച ചന്ത, ഇക്കോഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്തു കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

കൂടാതെ ഈ പദ്ധതിയിൻ കീഴിൽ കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ബോധവല്കരണം, നല്ല കാർഷികമുറ അനുവർത്തിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണനം, പോഷകത്തോട്ടം, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി – പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം – നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ഡി) ഏതെല്ലാം പച്ചക്കറി ഇനങ്ങളുടെ കൃഷിയാണ് ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ, നാടൻ ഇനങ്ങളായ ആനക്കൊമ്പൻ വെണ്ട, നിത്യവഴുതന, പട്ടുചീര, നാടൻ വെള്ളരി, വേങ്ങേരി വഴുതന, അരിക്കൊഴിഞ്ഞി പയർ, |

അഞ്ചൽ പയർ, പുള്ളിപ്പയർ ,വട്ടിവഴുതന, കോവൽ, ഇലചേമ്പ്, കഞ്ഞിക്കുഴിപ്പയർ, മണിത്തക്കാളി, മലപ്പുണ്ട് വെളുത്തുള്ളി, ഓണക്കൂർ പാവൽ, ഏറ്റുമാനൂർ കോവൽ, പുതുപ്പാടി ലോക്കൽ പയർ, ചാവക്കാട് കുർക്ക, കോടാലി മുളക്, പൊട്ടുവെള്ളരി, ചെറുവള്ളി പാവൽ, എടയൂർമുളക്, എടക്കര കൈയ്പ്പ, വേങ്ങേരി വഴുതന, കുഷ്മാണ്ഡം കുമ്പളം, വള്ളിച്ചീര, കാർക്കുന്തൽ പയർ, കുളത്തനാടൻ പയർ, വെള്ളചൗചൗ, വള്ളിചീര, ഇരിനാവ് വെള്ളരി, മുള്ളൻ കക്കിരി, പൊന്നൻ വെള്ളരി, കാഞ്ഞങ്ങാട് ലോക്കൽ പയർ, ആട്ടുകൊമ്പ് അമര മുതലായവ ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

Maya P

**സെക്ഷൻ ഓഫീസർ**